

ടി.എം. സാവാൻ കുട്ടി

# തൊഴിൽ മേഖലയും മുസ്ലിങ്ങളും

*ദേശീയ പ്രശ്നങ്ങളുടെ ഭാഗമായി*

*ഇന്ത്യയിലെ തൊഴിൽ പ്രശ്നങ്ങളെ*

*വിലയിരുത്തുമ്പോൾ മുസ്ലിം ന്യൂനപക്ഷം*

*ഈ മേഖലയിൽ എവിടെ നില്ക്കുന്നു?*

*ഇതിന് പരിഹാരങ്ങളെന്ത്?*

*അനുഭവസമ്പന്നതയിൽനിന്ന്*

*ഒരു ശാസ്ത്രീയാന്വേഷണം.*

തൊഴിൽ മേഖലയിൽ ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും ഇന്നു നിലവിലുള്ള സങ്കീർണ്ണപ്രശ്നങ്ങൾ മറന്നുകൊണ്ടോ, മാറ്റിവച്ചുകൊണ്ടോ ഈ മേഖലയിൽ മുസ്ലിങ്ങൾ നേരിടുന്ന വെല്ലുവിളികളേയും, പരിഹാരമാർഗ്ഗങ്ങളേയും കുറിച്ച് പരിശോധിക്കുന്നത് വ്യർത്ഥമായിരിക്കും. ജനങ്ങൾ പൊതുവെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുസ്ലിങ്ങളടക്കമുള്ള ന്യൂനപക്ഷങ്ങളേയും മറ്റ് പിന്നോക്ക വിഭാഗങ്ങളേയും ബാധിക്കുന്നുണ്ട്. ഈ പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗങ്ങളും പൊതുവെ ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. എന്നാൽ ഒരു ജനാധിപത്യ രാഷ്ട്രത്തിൽ മുസ്ലിങ്ങളെപ്പോലുള്ള ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു കേന്ദ്ര-സംസ്ഥാന ഗവർമെണ്ടുകൾക്കുള്ള ബാദ്ധ്യത ഒട്ടും കുറവല്ലതന്നെ. എന്നല്ല, ദേശീയ പ്രശ്നങ്ങളുടെ ഭാഗമായി വേണം ഇതിനെ കാണേണ്ടതും. സമുഹത്തിനു ഈ കാര്യത്തിൽ പങ്കില്ലെന്ന് ധരിക്കാനും പാടില്ലാത്തതാണ്.

ഏതാണ്ട് 276 ലക്ഷം വരുന്ന കേരളത്തിലെ ജനസംഖ്യയിൽ 29.5 ലക്ഷം പേർ കേരളത്തിലെ വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗങ്ങൾക്കായി പേർ രജിസ്ത്ര് ചെയ്തിട്ടുണ്ട്. ഇതിൽ 57 ശതമാനം പേർ എസ്.എസ്.എൽ.സി. പാസായവരൊ, അതിലുപരിയായി വിദ്യാഭ്യാസം നേടിയവരൊ ആണ്. സാങ്കേതിക പ്രഫഷനൽ വിഭാഗത്തിൽ മാത്രം 83,193 പേർ രജിസ്ത്രിലുണ്ട്. കേവലം 8,008 പേർക്കു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന 1987 ജൂലായ് മാസത്തെ കണക്കനുസരിച്ച് ജോലി ലഭിച്ചത്. ജോലി അന്വേഷിച്ച് വിദേശങ്ങളിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലുമായി പോകുന്നവർ 6.82 ലക്ഷത്തോളം വരും. സൌദി അറേബ്യ, ഗൾഫ് രാജ്യങ്ങളിൽനിന്നും ജോലി ഒഴിഞ്ഞു വരുന്നവരും കുറവല്ല. കേരളത്തിൽനിന്നു പോയവരിൽ 70 ശതമാനം തിരിച്ചു വന്നിട്ടുണ്ട്. അതിൽ 63.7 ശതമാനം ജോലിയില്ലാതെ തിരിച്ചുവന്നവരാണ്. ശേഷിച്ചിട്ടുള്ളവർ ജോലി മതിയാക്കിയും, കുടുംബപരമായ കാരണങ്ങളാലും മടങ്ങിവന്നവരാണ്. തിരിച്ചുവന്നവരിൽ 50 ശതമാനത്തിനും തൃപ്തികരമായ ജോലി കിട്ടിയിട്ടുമില്ല.

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ 1987-88-ൽ ജോലിക്ക് അപേക്ഷിച്ചവർ 5,95,500 പേരാണ്. ഈ കാലയളവിൽ സ്റ്റേയിറ്റ് സർവീസിൽ 969 പേർക്കും സബോർഡിനറ്റ് സർവീസിൽ 14,637 പേർക്കും കമ്പനി-കോർപ്പറേഷനുകളിൽ 3,449 പേർക്കും, ലോക്കൽ ബോഡീസിൽ (പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾ) 70 പേർക്കുമാണ് ജോലി ലഭിച്ചത്. ആകെ ഒരു വർഷത്തിൽ ജോലി നേടിയവർ 19,125 പേർ മാത്രം. അതായത് അപേക്ഷകരുടെ 3.21 ശതമാനത്തിനു മാത്രം.

കേരളത്തിലെ തൊഴിൽപ്രശ്നം കൂടുതൽ സങ്കീർണ്ണമാകാനാണ് സാദ്ധ്യത. 1987-ൽ കേരളാ യൂനിവർസിറ്റിയിൽനിന്നു മാത്രം 13,258 ബിരുദവും ബിരുദാനന്തരബിരുദവും നേടിയവർ പുറത്തിറങ്ങിയിട്ടുണ്ട്. മറ്റു നാലു സർവകലാശാലകളിൽനിന്നും ബിരുദം നേടിയവർ വേറെയുമുണ്ട്. ഒരു വർഷത്തിൽ ഇഞ്ചിനീയറിങ് ബിരുദം മാത്രം

നേടിയവർ 1,200 പേർ കാണും. കേരളത്തിന്നു പുറമേയുള്ള സർവകലാശാലകളിൽ പഠിച്ചു ബിരുദങ്ങൾ നേടിയവരും നിരവധിയാണ്. കേരളത്തിലെതന്നെ പോളിടെക്നിക്കുകളിൽ നിന്നും, ഐ.ടി.ഐ., ഐ.ടി.സി. എന്നീ സാങ്കേതിക പഠനകേന്ദ്രങ്ങളിൽനിന്നും ആയിരക്കണക്കിന്നു വിദ്യാർത്ഥികൾ എല്ലാ വർഷവും പുറത്തിറങ്ങുന്നുണ്ട്. തൊഴിൽ പ്രശ്നത്തിന്റെ നേരിയൊരു വശം മാത്രമേ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളു.

തൊഴിൽ മേഖലയിൽ മുസ്ലിങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അതിനുള്ള കാരണങ്ങളും പലതാണ് . വിദ്യാഭ്യാസപിന്നോക്കാവസ്ഥയാണ് ഏറ്റവും പ്രധാന കാരണം. വിദ്യാഭ്യാസയോഗ്യത ആവശ്യമായ തൊഴിൽരംഗത്ത്, യോഗ്യതയുടെ അഭാവത്തിൽ അവർ പിന്നോക്കം തള്ളപ്പെടുകയാണ്, ഇക്കാലത്ത് ക്ലാസ്സ് നാലു ജീവനക്കാരുടെ തിരഞ്ഞെടുപ്പിൽ പോലും വിദ്യാഭ്യാസയോഗ്യത ആവശ്യമായി വന്നിരിക്കയാണ്. ക്ലാർക്ക്, അധ്യാപകർ തുടങ്ങിയ ജോലികൾക്ക് വിദ്യാഭ്യാസയോഗ്യത നേടിയവർക്കുപോലും കടുത്ത മത്സരത്തെ നേരിടേണ്ടിവരുന്നു. കേരളത്തിൽ മിക്കവാറും എല്ലാ മേഖലകളിലെയും ജോലിക്കായി തിരഞ്ഞെടുപ്പ് നടത്തുന്നത് പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണല്ലോ. സംവരണാനുകൂല്യം നിലനില്ക്കുന്നതുകൊണ്ടുമാത്രം മുസ്ലിങ്ങൾക്കു 12 ശതമാനം പേർക്ക് ജോലി നേടാൻ സാദ്ധ്യതയുണ്ട്. എന്നാൽ ശരിയായ യോഗ്യത നേടുന്നവരുടെ അഭാവം മൂലം ഇതിലും എത്രയോ കുറച്ചു ശതമാനം ഉദ്യോർത്ഥികൾക്കെ യഥാർത്ഥത്തിൽ ജോലി നേടാനാവുന്നുള്ളു. ഉയർന്ന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ, യോഗ്യതയുടെ അഭാവം നിമിത്തം ജോലി ലഭിക്കാൻ സാദ്ധ്യതയുമില്ല. സർക്കാർ ഉടമയിലുള്ള കമ്പനി, കോർപ്പറേഷനുകളിലെ നിയമനങ്ങൾക്കു സാങ്കേതിക പരിജ്ഞാനവും പരിചയക്കുറവും കാരണം, അപേക്ഷകളയക്കാൻ തന്നെ അവസരങ്ങൾ നഷ്ടപ്പെട്ടു പോകുന്നു.

മുസ്ലിം സമുദായത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥക്കു മറ്റൊരു ദൃഷ്ടാന്തമാണ് മെഡിക്കൽ, ഇഞ്ചിനീയറിങ് പ്രവേശനപരീക്ഷകളുടെ ഫലം ചൂണ്ടിക്കാട്ടുന്നത്. ഈ പ്രവേശന മത്സരപ്പരീക്ഷകളിൽ മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നവർ 3 ശതമാനത്തിൽ കുറവാണ്. നിലവിലുള്ള 8 ശതമാനം സംവരണാനുകൂല്യം കാരണമാണ് കുറച്ച് പേരെങ്കിലും രക്ഷപെടുന്നത്. ചുരുക്കത്തിൽ സാങ്കേതിക മേഖലകളിലും, സാങ്കേതികേതര മേഖലകളിലും മുസ്ലിങ്ങൾക്ക് ജോലി സാദ്ധ്യത അതീവ വിരളമാണെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തേ മതിയാവൂ. ഇതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചാണ് ഇനി ചിന്തിക്കാനുള്ളത്.

കേരളത്തിൽ സംവരണാനുകൂല്യം ലഭിക്കുന്നതുകൊണ്ട് മുസ്ലിങ്ങൾക്ക് സർക്കാർ സർവീസിലും അർദ്ധസർക്കാർ സർവീസുകളിലും അല്പസ്വല്പമെങ്കിലും കടന്നുകൂടാൻ സാധിക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങളിൽ മുസ്ലിം ജനസംഖ്യ ഏതാണ്ട് 65 ലക്ഷം വരും. ആകെ ജനസംഖ്യയുടെ 20 ശതമാനത്തിലേറെ വരും. ഈ തോതു വച്ചുനോക്കുമ്പോൾ സംവരണാനുകൂല്യംകൊണ്ട് നേടുന്ന നിയമനങ്ങൾ തീരെ അപര്യാപ്തമാണെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ കേന്ദ്രസർക്കാർ, കേന്ദ്രസർക്കാറിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ, റെയിൽവേ തുടങ്ങിയ മേഖലകളിൽ മുസ്ലിങ്ങൾക്കു സംവരണമേയില്ലാത്തതു കാരണം ജോലി നേടാൻ ഒരു സാദ്ധ്യതയുമില്ല. രാജ്യരക്ഷാവകുപ്പിലെയും കേന്ദ്ര പോലീസിലെയും കാര്യം പറയേണ്ടതുമില്ല. കേരളം ഉൾപ്പെടെയുള്ള തെക്കെ ഇന്ത്യയിലെ ഏതാനും സ്റ്റേറ്റുകളിൽ മാത്രമേ ഏതെങ്കിലും തരത്തിലുള്ള സംവരണാനുകൂല്യം നിലവിലുള്ളു. വടക്കെ ഇന്ത്യയിലെ ഒരു സ്റ്റേറ്റിലും സംവരണാനുകൂല്യം ലഭിക്കുന്നില്ല. അതിനാൽ അവിടങ്ങളിൽ മുസ്ലിങ്ങൾക്കു നിയമനം കിട്ടുന്നതേയില്ല. ബീഹാറിൽ കഴിഞ്ഞ 13 വർഷങ്ങളായി ഒരു മുസ്ലിം സബ് ഇൻസ്പെക്ടറെപ്പോലും നിയമിച്ചിട്ടില്ലായെന്ന് ലേഖകനോട് ആവലാതിപ്പെട്ടതുതന്നെ ആ സ്റ്റേറ്റിലെ മുൻ അഡീഷനൽ ചീഫ് സെക്രട്ടറിയും മുൻ സർവീസ് കമ്മീഷൻ അംഗവുമായിരുന്ന ഒരു മാന്യസുഹൃത്താണ്. ഇന്ത്യയിൽ മുസ്ലിം ജനസംഖ്യ വളരെയധികമുള്ള ഒരു സ്റ്റേറ്റിലെ സ്ഥിതിയാണിത്. മറ്റുള്ള ഉത്തരേന്ത്യൻ സ്റ്റേറ്റുകളിലെ സ്ഥിതി ഇതുപോലെയോ ഇതിനേക്കാൾ മോശമോ ആകാനേ തരമുള്ളു.

ഭരണയന്ത്രത്തിൽ വിവിധ ജനവിഭാഗങ്ങൾക്ക് അർഹിക്കുന്ന പ്രാതിനിധ്യമില്ലാത്ത ഈ ദുസ്ഥിതിക്ക് പരിഹാരമായിട്ടാണ് മണ്ഡൽ കമ്മീഷൻ മുസ്ലിങ്ങളാദി പിന്നോക്ക വിഭാഗങ്ങൾക്കു കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലും ഇതര സംസ്ഥാന സ്ഥാപനങ്ങളിലും സംവരണം നല്കണമെന്ന് ശുപാർശ ചെയ്തത്. ആ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രഗവർമെണ്ട് തയ്യാറായില്ലെങ്കിൽ മുസ്ലിങ്ങളാദി അവശവിഭാഗങ്ങൾക്ക് ഭരണപങ്കാളിത്തം ലഭിക്കുന്ന പ്രശ്നമേയില്ല. ആ റിപ്പോർട്ട് നടപ്പിലാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചേ പറ്റൂ.

ഇന്നു സംവരണാനുകൂല്യം നിലവിലില്ലാത്ത പ്രീഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിന് സംവരണം ആവശ്യമാണ്. സാങ്കേതിക സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് സഹായകരമായി പ്രീഡിഗ്രി പ്രവേശനത്തിന് സംവരണം നിലവിലുണ്ടെങ്കിൽ മുസ്ലിം വിദ്യാർ

---

*"......One of our well-wishers, Janab Mohamed Siddik Sait Sahib of Cochin, presented a Radio receiving set to the College in Dec. 1951. It is now being worked with the help of a battery set."*

*Annual Report 1951-52*

ത്ഥികൾക്ക് സയൻസ്, മാത്തമാറ്റിക്സ് ഗ്രൂപ്പുകളിലൂടെ പ്രവേശനം എളുപ്പമാകും. പഠിക്കാൻ താല്പര്യമില്ലാത്ത വിഷയങ്ങൾക്ക് പ്രവേശനം ലഭിച്ചതുകൊണ്ട് ഉപരിപഠനം തന്നെ വേണ്ടെന്നു വയ്ക്കുകയാണ് പലരും.

ഇതുവരെ പ്രതിപാദിച്ചത് മുസ്ലിംങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ സർക്കാർ ഭാഗത്തുനിന്നും ചെയ്യേണ്ട കാര്യങ്ങളാണ്. എന്നാൽ സമുദായത്തിന്റെ ഉത്തരവാദിത്വം ഇതിലും എത്രയോ വലുതാണ്. സ്റ്റേറ്റടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യസംഘടനകളും പ്രാദേശികതലത്തിൽ പ്രവർത്തനം നടത്തുന്ന സംഘടനകളും അവരവരുടെ പ്രദേശങ്ങളിലുള്ള ഹൈസ്കൂൾ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കു മറ്റുള്ളവരോടൊപ്പം മത്സരിക്കാനുള്ള കഴിവ് നേടിയെടുക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. സെക്കണ്ടറി ക്ലാസ്സുകളിലെ താരതമ്യേന പാഠ്യനിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്കു പ്രത്യേക ട്യൂഷൻ നല്കി എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ മാർക്കുകൾ നേടാനുള്ള സംവിധാനം ഏർപ്പെടുത്തണം. സർവീസിലിരിക്കുന്നവരും, റിട്ടയർ ചെയ്തവരുമായ അധ്യാപകരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. നമ്മുടെ മദ്രസ്സകളും സ്വകാര്യവിദ്യാലയങ്ങളും ഒഴിവുസമയത്ത് ഉപയോഗിക്കാവുന്നതുമാണ്. അല്ലാതെ ട്യൂഷനുവേണ്ടി പ്രത്യേക കെട്ടിടങ്ങളുടെ ആവശ്യമില്ല. കഴിവുള്ള വിദ്യാർത്ഥികളിൽനിന്ന് മിതമായ ഫീസ് വസൂലാക്കി, അധ്യാപകർക്ക് പ്രോത്സാഹനമെന്ന നിലയിൽ അലവൻസ് നൽകാവുന്നതുമാണ്.

എസ്.എസ്.എൽ.സി. പാസായവർക്കും, പ്രീഡിഗ്രി പരീക്ഷകൾ എഴുതിയവർക്കും ഉപരിപഠനത്തിനും, കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും മറ്റു വിദ്യാഭ്യാസപരമായ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി ചുരുങ്ങിയത് താലൂക്കു കേന്ദ്രങ്ങളിലെങ്കിലും ഒരു ഗൈഡൻസ് ബ്യൂറോ (Guidance Bureau) സ്ഥാപിക്കേണ്ടതാവശ്യമാണ്. നാട്ടിൽ നടപ്പുള്ള കോഴ്സുകളെക്കുറിച്ചോ, അവ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചോ ബോധമില്ലാത്തതു കാരണം ഉയർന്ന മാർക്കുകൾ നേടുന്ന വിദ്യാർത്ഥികൾ പോലും, അവർ അർഹിക്കുന്ന കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനു പകരം കിട്ടിയ കോഴ്സിന് ചേർന്നു ജീവിതം പാഴാക്കേണ്ടിവരുന്ന കഥകൾ നിരവധിയാണ്.

അപ്രകാരംതന്നെ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്കും ദേശസാൽകൃത ബാങ്കുകൾ നടത്തുന്ന പരീക്ഷകൾക്കും ഉദ്യോഗാർത്ഥികളെ സഹായിക്കാനായി കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. മത്സരപ്പരീക്ഷകളുമായി പരിചയപ്പെടുത്തുന്നതിന്നു ഇവ സഹായകരമായിരിക്കും. യൂനിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന സിവിൽ സർവീസ് പരീക്ഷകളിൽ ഉദ്യോഗാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ചില കേന്ദ്രങ്ങളിൽ സംരംഭം തുടങ്ങിയിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ അടിയന്തിരശ്രദ്ധ അർഹിക്കുന്നവയുമാണ്.

ഇതിനെല്ലാം പുറമെ നമ്മുടെ വീടുകളിൽ വിദ്യാർത്ഥികൾക്കു പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. പാഠപുസ്തകങ്ങൾക്കു പുറമേ വിവിധ വിജ്ഞാനശാഖകളിലേക്കു കുട്ടികളുടെ ശ്രദ്ധ ചെലുത്തുവാനും വിദ്യാർത്ഥിജീവിതം പാഴായിപ്പോകാതിരിക്കാനുമുള്ള കാര്യങ്ങളെക്കുറിച്ച് രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഒഴിവുകാലങ്ങളിൽ വിശിഷ്യ മധ്യവേനൽ കാലത്ത് വിദ്യാർത്ഥികൾക്കു മതപഠനവിഷയങ്ങളും, കുട്ടികളുടെ നിലവാരമനുസരിച്ചു പൊതു വിദ്യാഭ്യാസവിഷയങ്ങളും ആകർഷപരമായി പഠിപ്പിക്കാനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാമൂഹ്യസംഘടനകൾ ശ്രദ്ധിക്കേണ്ടതാവശ്യമാണ്.

നമ്മുടെ രാഷ്ട്രത്തെ തന്നെ തുറിച്ചുനോക്കുന്നതും സമൂഹ്യവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ ഒരു സ്ഫോടനാത്മകപ്രശ്നമായി തൊഴിലില്ലായ്മ നിലനില്ക്കുമ്പോൾ ഉള്ള അവസരങ്ങൾ കൈക്കലാക്കാൻ വേണ്ടിയുള്ള മത്സരങ്ങൾ അനിവാര്യമാണല്ലോ. ഈ മത്സരത്തിൽ ബലവാൻ ദുർബ്ബലനെ പരാജയപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. ദുർബ്ബലസമുദായങ്ങൾക്ക് വിശേഷിച്ചും മുസ്ലിങ്ങൾക്ക് ക്രിയാത്മകമായ പരിഹാരമാർഗ്ഗങ്ങൾ അവലംബിച്ചേ മതിയാവൂ. പഠിത്തത്തിൽ പ്രോത്സാഹിപ്പിക്കുക, മത്സരത്തിന് തയ്യാറാക്കുക, തൊഴിലിൽ അറിവും പരിചയവും നല്കുക; അത്തരം അവസരങ്ങൾ ലഭ്യമാക്കാനുള്ള സംഘടിത ശ്രമങ്ങൾ നടത്തുക, ലഭ്യമായ എല്ലാത്തരം വിഭവശേഷിയും സമാഹരിച്ച് ഉപയോഗപ്പെടുത്തുക എന്നിങ്ങനെ ശ്രമകരവും എന്നാൽ ഫലപ്രദവുമായ ഒരു പ്രവർത്തനമാർഗ്ഗമാണ് നമുക്ക് വെട്ടിത്തുറക്കേണ്ടിയിരിക്കുന്നത്. സാമൂഹ്യമായ മുന്നേറ്റത്തിന് അതല്ലാതെ മാർഗ്ഗമൊന്നുമില്ല. സഹായകരമായ സർക്കാർ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ രാഷ്ട്രീയ ശക്തി പ്രയോജനപ്പെടുമെങ്കിലും സ്വന്തം ഭാഗധേയം നിർണ്ണയിക്കുന്നതിന് നമ്മുടെ കർമ്മശേഷി തന്നെ വിനിയോഗിച്ചേ മതിയാകൂ.

*....The College is approved as a Lead College in the University area by the U.G.C.*

*Annual Report 1977-78*